| | |
|---|---|
| സ്റ്റാൻഡേർഡ് | : 6 |
| വിഷയം | :സാമൂഹ്യശാസ്ത്രം |
| യൂണിറ്റ് | : 7 |
| പാഠം | : മധ്യകാല ഇന്ത്യ കലയും സാഹിത്യവും |
| വർക്ക്ഷീറ്റ് നമ്പർ | : 1 |

Samagra Shiksha Kerala

ജില്ലയുടെ പേര് : തൃശ്ശൂർ
ബി.ആർ.സി : ചേർപ്പ്

# വൈറ്റ് ബോർഡ് ഷീറ്റ്

ആരംഭം

പ്രവർത്തനം 1

കുത്തുകൾ യോജിപ്പിക്കുക.

1.സൽത്തനത്ത് കാലഘട്ടത്തിൽ രൂപപ്പെട്ട സംഗീതോപകരണങ്ങളുടേയും സംഗീത രൂപത്തിന്റേയും പേരുകൾ ആണ് കുത്തുകൾ ആയി താഴെ തന്നിരിക്കുന്നത്.കുത്തുകൾ യോജിപ്പിച്ച് അവ കണ്ടെത്തുമല്ലോ.

സംഗീതരൂപം

ഖവ്വാലി

സംഗീതോപകരണം

തബല

സിതാർ





| | |
|---|---|
| സ്റ്റാൻഡേർഡ് | : 6 |
| വിഷയം | : സാമൂഹ്യശാസ്ത്രം |
| യൂണിറ്റ് | : 7 |
| പാഠം | : മധ്യകാല ഇന്ത്യ കലയും സാഹിത്യവും |
| വർക്ക്ഷീറ്റ് നമ്പർ | : 2 |

Samagra Shiksha Kerala

ജില്ലയുടെ പേര് : തൃശ്ശൂർ
ബി.ആർ.സി : ചേർപ്പ്

തുടർച്ച

# വൈറ്റ് ബോർഡ് ഷീറ്റ്

പ്രവർത്തനം 2

നിറം നൽകാം.

സൽത്തനത്ത് കാലഘട്ടത്തിൽ ഭക്തിപ്രസ്ഥാനത്തിന്റെ വരവോടു കൂടി വികസിച്ച പ്രാദേശിക ഭാഷകളാണ് താഴെ തന്നിരിക്കുന്നത്.

- മലയാളം
- ഹിന്ദി
- തെലുങ്ക്
- ബംഗാളി
- മറാത്തി
- ഗുജറാത്തി

ഇതിൽ നിന്ന് നമ്മുടെ മാതൃഭാഷ കണ്ടെത്തി നിറം നൽകൂ.

| | |
|---|---|
| സ്റ്റാൻഡേർഡ് | : 6 |
| വിഷയം | :സാമൂഹ്യശാസ്ത്രം |
| യൂണിറ്റ് | : 7 |
| പാഠം | : മധ്യകാല ഇന്ത്യ കലയും സാഹിത്യവും |
| വർക്ക്ഷീറ്റ് നമ്പർ | : 3 |

Samagra Shiksha Kerala

ജില്ലയുടെ പേര് : തൃശ്ശൂർ

ബി.ആർ.സി : ചേർപ്പ്

അവസാനം

# വൈറ്റ് ബോർഡ് ഷീറ്റ്

പ്രവർത്തനം 3

പട്ടിക പൂർത്തിയാക്കാം

ഭക്തി,സൂഫി പ്രസ്ഥാനങ്ങളുടെ സ്വാധീനത്തിന്റെ ഫലമായി വികാസം പ്രാപിച്ച പ്രാദേശികഭാഷ, സാഹിത്യകൃതികൾ,രചയിതാക്കൾ എന്നിവയാണ് പട്ടികയായി താഴെ കൊടുത്തിരിക്കുന്നത്.

| പ്രാദേശിക ഭാഷകൾ | കൃതികൾ | സാഹിത്യകാരൻമാർ |
|---|---|---|
| മലയാളം | അധ്യാത്മരാമായണം | എഴുത്തച്ഛൻ |
| ഹിന്ദി | രാമചരിതമാനസം | തുളസീദാസ് |
| കന്നഡ | വിക്രമാർജുനവിജയം | പമ്പ |
| മറാത്തി | മറാത്തിഭാഗവതം | ഏക്നാഥ് |
| ഗുജറാത്തി | ഗുജറാത്തി ഭാഗവതം | പ്രേമാനന്ദ |
| തമിഴ് | ഇരാമാവതാരം | കമ്പർ |
| തെലുങ്ക് | മഹാഭാരതം | നന്നയ്യ |
| ഒഡിയ | ഒഡിയമഹാഭാരതം | സരളദാസ |
| ബംഗാളി | ബംഗാളിരാമായണം | കൃതിവാസ |

മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയുടെ സഹായത്തോടെ താഴെ തന്നിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക.

| പ്രാദേശിക ഭാഷകൾ | കൃതികൾ | സാഹിത്യകാരൻമാർ |
|---|---|---|
| | അധ്യാത്മരാമായണം | എഴുത്തച്ഛൻ |
| | രാമചരിതമാനസം | തുളസീദാസ് |
| കന്നഡ | വിക്രമാർജുനവിജയം | പമ്പ |
| മറാത്തി | മറാത്തിഭാഗവതം | ഏക്നാഥ് |
| ഗുജറാത്തി | ഗുജറാത്തി ഭാഗവതം | പ്രേമാനന്ദ |
| തമിഴ് | ഇരാമാവതാരം | കമ്പർ |
| തെലുങ്ക് | മഹാഭാരതം | നന്നയ്യ |
| ഒഡിയ | ഒഡിയമഹാഭാരതം | സരളദാസ |
| ബംഗാളി | ബംഗാളിരാമായണം | കൃതിവാസ |

# വൈറ്റ് ബോർഡ് ഷീറ്റ്

## പ്രവർത്തനം 1

പകർത്തിയെഴുതാം.

പ്രശസ്ത ഒഡിയ സാഹിത്യകാരി പ്രതിഭാറായ് ശിലാപത്മം എന്ന നോവലിലെ കൊണാർക്കിലെ സൂര്യക്ഷേത്രത്തിന്റെ നിർമ്മാണത്തെക്കുറിച്ചുള്ള കുറിപ്പാണ് ടീച്ചർ മീനുവിന് നൽകിയത്.ഈ കുറിപ്പിൽ ചില വരികൾ ടീച്ചർ അടിവരയിട്ടുണ്ട്.ഈ വരികൾ താഴെ തന്നിട്ടുള്ള കള്ളികളിലേക്ക് പകർത്തിയെഴുതാം.

എ.ഡി.ആയിരത്തി ഇരുന്നൂറ്റി നാൽപ്പത്തിയാറിൽ ചന്ദ്രഭാഗ നദീമുഖത്ത് വിശ്വവിഖ്യാതമായ സൂര്യക്ഷേത്രത്തിന് അടിത്തറ ഇട്ടു. ദൂരെയുള്ള പർവ്വതങ്ങളിൽ നിന്ന് പലതരം കല്ലുകൾ കൊണ്ടു വന്നു.നീലഗിരിയിൽ നിന്നും ദൂരെയുള്ള നാട്ടുരാജ്യങ്ങളിൽ നിന്നും വെളുത്തതും കറുത്തതും നീല നിറത്തിലുള്ളതുമായ ശിലകളും കൊണ്ടു വന്നു. ക്ഷേത്രത്തിനു മുകളിൽ കലശം സ്ഥാപിക്കുന്നതിനു വേണ്ടി ഇരുപത്തിയഞ്ച് അടി പൊക്കവും അമ്പത്താറായിരം മന്ന് ഭാരവുമുള്ള ശിലകൾ നൂറിലേറെ മൈൽ ദൂരം ജലമാർഗത്തിലൂടെ കൊണ്ടു വന്ന് ഇരുനൂറ് അടി ഉയരത്തിൽ ക്ഷേത്രശിഖരത്തിൽ സ്ഥാപിച്ചു....ആയിരത്തി ഇരുനൂറ് ശിൽപികൾ സ്വന്തം സുഖസൗകര്യങ്ങളും ആഗ്രഹങ്ങളുമെല്ലാം ഉപേക്ഷിച്ചു കൊണ്ട് പ്രതിജ്ഞ ചെയ്തു.”കൊണാർക്കിലെ കലശം ഉറപ്പിക്കുന്നതു വരെ തിരിച്ചു പോവുകയില്ല”......അവർ ഏകാഗ്രതയോടെ പന്ത്രണ്ട് വർഷം നിരന്തരം പണിയെടുത്തു.

1 . ---------------------------------------------------------------------------

2. ---------------------------------------------------------------------------

3. ---------------------------------------------------------------------------

4.---------------------------------------------------------------------------

5.---------------------------------------------------------------------------

പ്രവർത്തനം 2

നിറം നൽകാം.

കള്ളികളിൽ നൽകിയിട്ടുള്ള അനുയോജ്യ പദങ്ങൾക്ക് നിറം നൽകുക.

1.പല്ലവരാജാവായ നരസിംഹവർമന്റെ കാലത്ത് അവിടെ നിർമ്മിച്ച ക്ഷേത്രങ്ങൾ പഞ്ചരഥങ്ങൾ എന്നറിയപ്പെടുന്നു.

2. മഹാരാഷ്ട്രയിലെ എല്ലോറ ഗുഹാക്ഷേത്രങ്ങൾ ഒറ്റക്കല്ലിൽ കൊത്തിയെടുത്തവയാണ്.

3. സൽത്തനത്ത് ഭരണകാലത്ത് ഇൻഡ്യയിൽ ഇൻഡോ ഇസ്ലാമിക് വാസ്തു വിദ്യാശൈലി രൂപപ്പെട്ടു.

4.താജ്മഹൽ നിർമ്മാണത്തിന് വെള്ള മാർബിളാണ് ഉപയോഗിച്ചത്.

| | |
|---|---|
| പഞ്ചരഥങ്ങൾ | എല്ലോറ |
| . സൽത്തനത്ത് | വെള്ള |

ജില്ലയുടെ പേര് : തൃശ്ശൂർ
ബി.ആർ.സി : ചേർപ്പ്

സ്റ്റാൻഡേർഡ് : 6
വിഷയം : സാമൂഹ്യശാസ്ത്രം
യൂണിറ്റ് : 7
പാഠം : മധ്യകാല ഇന്ത്യ കലയും സാഹിത്യവും
വർക്ക്ഷീറ്റ് നമ്പർ : 3

# വൈറ്റ് ബോർഡ് ഷീറ്റ്

അവസാനം

പ്രവർത്തനം 3

കുത്തുകൾ യോജിപ്പിക്കുക.

ഇൻഡോ ഇസ്ലാമിക് വാസ്തുവിദ്യാപ്രകാരം നിർമ്മിച്ച ക്ഷേത്രങ്ങളുടെ പേരുകളാണ് താഴെ കൊടുത്തിരിക്കുന്നത്.കുത്തുകൾ യോജിപ്പിച്ച് ഇവ കണ്ടെത്തുമല്ലോ.

ഗോൾഗുംബസ്

ജുമമസ്ജിദ്

താജ്മഹൽ

ഹുമയൂണിന്റെ ശവകുടീരം